(സി) ഇവർക്കെതിരെയുള്ള ആരോപണങ്ങളെക്കുറിച്ച് കേരള പോലീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്ത് അവരെ അസോസിയേഷനിൽനിന്നും പുറത്താക്കിയിരുന്നുവോ;

(ഡി) കേരള പോലീസ് അസോസിയേഷനിൽനിന്ന് പുറത്താക്കിയവരെ തിരിച്ചെടുക്കുന്നതിനോ അസോസിയേഷന്റെ തീരുമാനം മരവിപ്പിക്കുന്നതിനോ ഡി.ജിപി.ക്ക് അധികാരമുണ്ടോ;

(ഇ) 9.11.'98-ൽ തൃശ്ശൂർ എൻ.ജി.ഒ. അസോസിയേഷൻ ഹാളിൽ യോഗം കൂടിയെന്ന ആരോപണത്തിന്മേൽ ഏതെങ്കിലും പോലീസുകാരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ അവരുടെമേൽ ചുമത്തപ്പെട്ട കുറ്റം എന്താണെന്നും ഏതൊക്കെ വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് കേസ്സെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി)&(സി) പോലീസിന് വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പരിമിതമായ സംഘടനാ സ്വാതന്ത്ര്യം മാത്രമെ അനുവദിച്ചിട്ടുള്ളൂ. പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ട്. ഇതിൽനിന്നും ഭിന്നമായി നടത്തുന്ന സംഘടനാ പ്രവർത്തനങ്ങൾ നിയമവിരുദ്ധമാണ്.

(ഡി) അധികാരമുണ്ട്.

(ഇ)&(എഫ്)15 പോലീസുകാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. കേസ്സ് അന്വേഷണ ഘട്ടത്തിലാണ്.

86 (1446) ബി.ഡി.ഒ.യെ പിരിച്ചു വിട്ടുകൊണ്ടുള്ള വ്യാജ ഉത്തരവ്

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ബി.ഡി.ഒ. ആയിരുന്ന സുരേഷിനെ പിരിച്ചുവിട്ടുകൊണ്ടുള്ള വ്യാജ ഉത്തരവിന്റെ ഉറവിടത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്താമോ;

(ബി) വ്യാജ ഉത്തരവ് സംബന്ധിച്ച പത്രക്കുറിപ്പ് തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) തങ്ങൾക്ക് ലഭിച്ച പത്രക്കുറിപ്പ് പത്രങ്ങൾക്കു നൽകുക മാത്രമേ പി.ആർ.ഡി. ചെയ്തിട്ടുള്ളൂ എന്ന വിശദീകരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) സുരേഷിന് നേരിട്ട് നൽകുവാനായി അയച്ചുകൊടുത്ത ഉത്തരവിന്റെയും കത്തിന്റെയും ഉറവിടത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സുരേഷിന്റെ സസ്പെൻഷന് ആധാരമായ കാരണം എന്താണെന്ന് വിശദമാക്കുമോ;

(എഫ്) അത് സംബന്ധിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ,

(ജി) സുരേഷിന്റെ സസ്പെൻഷൻ റദ്ദാക്കി തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് വിജിലൻസ് വകുപ്പ് നടത്തിയ അന്വേഷണത്തെത്തുടർന്ന് ഇൻഡ്യൻ പീനൽകോഡിലെ 468, 469 വകുപ്പുകൾ പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി.

(ബി) കണ്ടെത്തിയിട്ടില്ല.

(സി) അന്വേഷിച്ചിട്ടില്ല.

(ഡി) അന്വേഷിച്ചിട്ടുണ്ട്. കുറ്റക്കാരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) പാലക്കാട് ഗ്രീഷ്മയിൽ 'ഭാഗി' എന്ന സ്ത്രീയെ വീട്ടിൽ കയറി ആക്രമിച്ചതായ ആരോപണത്തെത്തുടർന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയ പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. സുരേഷ് കുമാറിനെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തത്.

(എഫ്) ഈ കേസ്സിന്റെ അന്വേഷണം പാലക്കാട് ജില്ലാ പോലീസിന്റെ നിർദ്ദേശപ്രകാരം പാലക്കാട് ക്രൈംബ്രാഞ്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അന്വേഷണം നടന്നുവരികയാണ്.

(ജി) ഉണ്ട്.

87 (1447) സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരെ തിരിച്ചെടുക്കാൻ നടപടി

ശ്രീ. എം.കെ. മുനീർ :
ശ്രീ പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെകാലത്ത് സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാരെ ഈ ഗവൺമെന്റ് തിരിച്ച് ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ബി) അവർ കുറ്റക്കാരല്ലെന്നു തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആണോ ജോലിയിൽ പ്രവേശിപ്പിച്ചത്;

(സി) ഇല്ലെങ്കിൽ എന്ത് അടിസ്ഥാനത്തിലാണ് അവരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly